# Deepika

## 27 August 2018

## Kochi; After Flood, Flood Disaster Actions, Fishermen



### മത്സ്യത്തൊഴിലാളികളെ സജ്ജമാക്കിയത് വ്യക്തമായ ദിശാബോധത്തോടെ: മന്ത്രി

കൊച്ചി: വ്യക്തമായ ദിശാബോധത്തോടെയാണ് മത്സ്യത്തൊഴിലാളികളെ പ്രളയക്കെടുതിയെ തുടർന്നുള്ള രക്ഷാപ്രവർത്തനങ്ങൾക്ക് സജ്ജരാക്കിയതെന്നു മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ. മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനം ലോകത്തിന് മാതൃകയാണെന്നും അവരുടെ സേവനം കേരളം എന്നും ഓർക്കുമെന്നും മന്ത്രി പറഞ്ഞു. പ്രളയദുരന്തത്തിൽ രക്ഷകരായ എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികളെ ആദരിക്കുന്നതിനായി ജില്ലാ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രളയത്തിൽ അകപ്പെട്ടവരെ രക്ഷിക്കാൻ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഒറ്റക്കെട്ടായി നിന്നു. പത്തനംതിട്ട ജില്ലയിൽ 70 ശതമാനം പേരെയും രക്ഷപ്പെടുത്തിയതു മത്സ്യത്തൊഴിലാളികളാണ്. എല്ലാ ജില്ലകളിലുമായി 669 വള്ളങ്ങളിൽ 65,000 പേരെയാണു മത്സ്യത്തൊഴിലാളികൾ മാത്രം രക്ഷിച്ചത്. കൂടാതെ സന്നദ്ധസംഘടനകൾ 259 വള്ളങ്ങളിൽ രക്ഷാപ്രവർത്തനം നടത്തി. സമുദ്രോത്പന്ന കയറ്റുമതി സെസ് ഒരു ശതമാനം ആക്കാനുള്ള നീക്കത്തിൽ സുപ്രീംകോടതിയിൽ അപ്പീൽ നൽകുമെന്നും മന്ത്രി അറിയിച്ചു.

ചടങ്ങിൽ മത്സ്യത്തൊഴിലാളികൾക്ക് ഓണക്കോടിയും ഓണക്കിറ്റും നൽകി മന്ത്രി ആദരിച്ചു. ഹൈബി ഈഡൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കെ.വി. തോമസ് എംപി, എംഎൽഎമാരായ എസ്. ശർമ, പി.ടി. തോമസ്, കെ.ജെ. മാക്സി, ജോൺ ഫെർണാണ്ടസ്, എം. സ്വരാജ്, ആന്റണി ജോൺ, വി.ഡി. സതീശൻ, എൽദോസ് കുന്നപ്പിള്ളി, മത്സ്യഫെഡ് ചെയർമാൻ പി.പി. ചിത്തരഞ്ജൻ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സി.പി. കുഞ്ഞുരാമൻ തുടങ്ങിയവർ പങ്കെടുത്തു.